"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-ജീവനക്കാര്യം-ശ്രീ. മനോജ് കെ.വി. (**PEN: 582844**) -അസിസ്റ്റന്റ് ഡയറക്ടർ/ഇന്റേണൽ വിജിലൻസ് ഓഫീസർ-ടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**1439/2026/LSGD** തീയതി,തിരുവനന്തപുരം, **05-08-2026**

പരാമർശം:- 1. സ.ഉ.(സാധാ) നം. **82/2023/LSGD** തിയതി **11.01.2023**

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **26.06.2026** ലെ **LSGD/PD/14769/2026-DEH2** നം. കത്ത്.

**ഉത്തരവ്**

പരാമർശം 1 ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ/ഇന്റേണൽ വിജിലൻസ് ഓഫീസർ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ. മനോജ് കെ.വി. യുടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായുള്ള പ്രൊപ്പോസൽ, പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. **12.01.2023** പൂർവ്വാഹ്നത്തിന് ഇന്റേണൽ വിജിലൻസ് ഓഫീസർ തസ്തികയിൽ പ്രവേശിച്ച ടിയാൻ മാനദണ്ഡങ്ങളെല്ലാം പാലിച്ച് **11.07.2023** ന് പ്രൊബേഷൻ കാലം പൂർത്തിയാക്കിയിട്ടുള്ളതാണെന്നും, ആയതിനാൽ **12.07.2023** തിയതി പ്രാബല്യത്തിൽ ടിയാന്റെ പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, **12.01.2023** ന് തദ്ദേശ സ്വയം ഭരണ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ/ഇന്റേണൽ വിജിലൻസ് ഓഫീസർ തസ്തികയിൽ പ്രവേശിച്ച ശ്രീ. മനോജ് കെ.വി. (**PEN: 582844**)-യുടെ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ കെ. എസ്.& എസ്.എസ്.ആർ, ഭാഗം **2**, ചട്ടം **20(b)** വ്യവസ്ഥകൾക്ക് വിധേയമായി **12.07.2023** തിയതി പ്രാബല്യത്തിൽ, തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീ.മനോജ് കെ.വി., ഇന്റേണൽ വിജിലൻസ് ഓഫീസർ, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തദ്ദേശ സ്വയം ഭരണ വകുപ്പ് , എറണാകുളം (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം /തൃശ്ശൂർ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിബി1/176/2026-തസ്വഭവ നം ഫയൽ)

ഉത്തരവിൻ പ്രകാരം

Digitally signed by
Riju M Das
Date: 05-08-2026
14:30:49

സെക്ഷൻ ഓഫീസർ